# 13-ാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ:2562 01/04/2013-ൽ മറുപടിയ്ക്ക്**

**പറമ്പിക്കുളത്തെ ആദിവാസി വിഭാഗക്കാർക്കായി ക്ഷേമ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പറമ്പിക്കുളത്തെ ആദിവാസി വിഭാഗക്കാർക്കായി എന്തെല്ലാം ക്ഷേമ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന ഭക്ഷ്യസഹായ പദ്ധതി പ്രകാരം പറമ്പിക്കുളത്തെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും എല്ലാ വർഷവും ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ അരി, ഭക്ഷ്യധാന്യങ്ങൾ, വെളിച്ചെണ്ണ എന്നിവ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ഓണക്കാലത്ത് സർക്കാർ സൗജന്യമായി അനുവദിച്ചിരുന്ന അരിയും ഭക്ഷ്യധാന്യങ്ങളും ഉൾപ്പെട്ട സൗജന്യ ഓണക്കിറ്റും നൽകിയിട്ടുണ്ട്. 2012-2013 സാമ്പത്തിക വർഷം ആർട്ടിക്കിൾ 275(1) പ്രകാരം പറമ്പിക്കുളം തേക്കടി അല്ലിമൂപ്പൻ കോളനി, മുപ്പതേക്കർ കോളനി എന്നിവിടങ്ങളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി 10 ലക്ഷം രൂപ വീതം ആകെ 20 ലക്ഷം രൂപ മുതലമട ഗ്രാമ പഞ്ചായത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**